# പ്രണയാതുര മാനസങ്ങളുടെ ഉള്ളുകള്ളികൾ

**ഡോ. ഷാഹുൽ അമീൻ,**
സൈക്യാട്രിസ്റ്റ്, സെന്റ് തോമസ് ഹോസ്പിറ്റൽ &
പുതുജീവൻ ഹോസ്പിറ്റൽ, ചങ്ങനാശേരി

*"പ്രകൃതിയൊരുക്കുന്ന മനശാസ്ത്രചികിത്സയാണ് പ്രണയം." - എറിക് ബേൺ*

പ്രണയം എന്ന വിഷയം കാലങ്ങളായി എഴുത്തുകാരുടെയും തത്വചിന്തകരുടെയും സാധാരണക്കാരുടെയുമൊക്കെ വിശകലനങ്ങൾക്കു വിധേയമായിട്ടുണ്ട്. എങ്കിലും പ്രണയത്തിന്റെ സങ്കീർണതകളുടെ ഇഴപിരിച്ചറിയാൻ താല്പര്യമുള്ളവർ ആധുനികമനശാസ്ത്രത്തിന് ഈ വിഷയത്തിലുള്ള കാഴ്ചപ്പാടുകളും അറിഞ്ഞിരിക്കേണ്ടതുണ്ട്. പ്രണയമെന്ന നാട്യത്തിലുള്ള ലൈംഗികപീഡനങ്ങളും ദാമ്പത്യങ്ങളിലെ മോഹഭംഗങ്ങളും സുലഭമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ പ്രണയത്തെക്കുറിച്ചുള്ള ശാസ്ത്രീയ അവബോധത്തിന് ചെറുതല്ലാത്ത പ്രസക്തിയുണ്ട്. തന്റെ പ്രണയസങ്കൽപങ്ങളിൽ പിഴവുകളുണ്ടോ, തനിക്കു കിട്ടിക്കൊണ്ടിരിക്കുന്നത് യഥാർത്ഥസ്നേഹമാണോ എന്നൊക്കെയുള്ള തിരിച്ചറിവുകൾ ലഭിക്കാൻ പ്രണയത്തെപ്പറ്റിയുള്ള ശാസ്ത്രീയ ഉൾക്കാഴ്ചകൾ നമ്മെ സഹായിക്കും. പ്രണയത്തെ സംബന്ധിച്ചുള്ള പ്രധാന ശാസ്ത്രസിദ്ധാന്തങ്ങളെയും അതിന്റെ അടിസ്ഥാനസ്വഭാവങ്ങളുടെ സൂക്ഷ്മാവലോകനം വിഷയമാക്കിയ ഒട്ടനവധി പഠനങ്ങൾ തരുന്ന പുത്തനറിവുകളെയും ഒന്നു പരിചയപ്പെടാം.

## പ്രണയത്തിന് ഒരു നിർവചനം

*"പ്രണയം കാറ്റിനെപ്പോലെയാണ്. കാണാനാവില്ല, അനുഭവിക്കാനേ പറ്റൂ." - നിക്കോളാസ് സ്പാർക്ക്സ്*

സരളമായ നിർവചനങ്ങൾക്കു പിടികൊടുക്കാത്തത്ര കുഴഞ്ഞുമറിഞ്ഞ ഒരു പ്രതിഭാസം തന്നെയാണു പ്രണയം. സൂക്ഷ്മവിശദാംശങ്ങളിൽ ഏറെ വൈജാത്യങ്ങളുള്ള അനേകതരം ബന്ധങ്ങൾ പ്രണയം എന്ന വിളിപ്പേരിൽ അറിയപ്പെടുന്നുണ്ട്. അവയിൽ നിന്നും യഥാർത്ഥ പ്രണയത്തിനുള്ള വ്യതിരിക്തതകളെ ഉയർത്തിക്കാണിച്ചുകൊണ്ട് ജാൻകോവിയാക്ക്, ഫിഷർ

എന്നീ ഗവേഷകർ മുന്നോട്ടുവെച്ച നിർവചനത്തിനാണ് ഇന്ന് ഏറ്റവും പൊതുസമ്മതി ലഭിച്ചിട്ടുള്ളത്. അവരുടെ നിഗമനത്തിൽ ലൈംഗികതയുൾക്കൊള്ളുന്നതും പങ്കാളിയെ ആദർശവൽക്കരിക്കുന്നതും തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നതുമായ ഏതൊരു തീക്ഷ്ണമായ ആകർഷണത്തെയും പ്രണയം എന്നു വിളിക്കാം. സൌഹൃദം, കാമാസക്തി, ക്ഷണികമായ വശീകരിക്കപ്പെടലുകൾ തുടങ്ങിയവയിൽ നിന്ന് പ്രണയത്തെ വേർതിരിച്ചു കാണിക്കാൻ ഈ നിർവചനത്തിനാവുന്നുണ്ട്.

## പ്രണയം ഉരുത്തിരിഞ്ഞതിനു പിന്നിൽ

*"സൂചിക്ക് തുള വേണം. ഹൃദയത്തിന് പ്രണയവും" - സുഡാനിലെ ഒരു പഴമൊഴി*

പ്രണയത്തിന് മനുഷ്യഹൃദയങ്ങളിൽ ഇത്ര പ്രാമുഖ്യം ലഭിച്ചതെങ്ങനെ എന്നതിന് പരിണാമസംബന്ധിയായ പല വിശദീകരണങ്ങളും നിലവിലുണ്ട്. അവയെല്ലാം തന്നെ "വംശം കുറ്റിയറ്റു പോവില്ല എന്നുറപ്പു വരുത്താൻ പ്രകൃതി നമ്മോടു കാണിച്ച ഒരു വേലത്തരമാണു പ്രണയം" എന്ന സോമർസെറ്റ് മൌഗാമിന്റെ പ്രസ്താവനയെ ശരിവെക്കുന്നവയാണ്!

മറ്റു ജീവികളെ അപേക്ഷിച്ച് മനുഷ്യക്കുഞ്ഞുങ്ങൾക്ക് പരാശ്രയം കൂടാതെ ജീവിക്കാനാവാൻ കൂടുതൽ കാലദൈർഘ്യം എടുക്കുന്നുണ്ട്. മാതാപിതാക്കൾ ഇരുവരുടെയും സ്നേഹവും സംരക്ഷണവും അവരുടെ ശരിയായ വളർച്ചക്ക് അത്യന്താപേക്ഷിതവുമാണ്. ഇത് ഉറപ്പുവരുത്താനായി നമ്മെയൊക്കെ ഏറെനാളത്തേക്ക് ഒരു പങ്കാളിയിൽത്തന്നെ ആകൃഷ്ടരാക്കി നിർത്താൻ പ്രകൃതിയൊരുക്കിയ ഒരു സൂത്രവിദ്യയാവാം പ്രണയം എന്നൊരു വാദമുണ്ട്. കുത്തഴിഞ്ഞ ലൈംഗികജീവിതം പകരംതരുന്ന ഗുഹ്യരോഗങ്ങൾ പ്രജനനശേഷി കുറയാനും ഭ്രൂണത്തിന് ക്ഷതങ്ങളേൽക്കാനും പ്രസവം ക്ലേശകരമാവാനുമൊക്കെ ഇടയാക്കുകയും അതു വഴി വംശപ്പെരുപ്പത്തിന് വിഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നതും പ്രണയത്തിന്റെ ആവിർഭാവത്തിലേക്കു നയിച്ചിട്ടുണ്ടാവാം. നമ്മുടെ തലച്ചോറുകൾ അമിതസംയമനം കൈക്കൊണ്ട് പ്രത്യുൽപാദനചോദനകൾക്ക് കടിഞ്ഞാണിടുന്നത് തടയുക എന്നതും പ്രണയത്തിന്റെ അവതാരോദ്ദേശങ്ങളിൽ ഒന്നാവാം.

പരിണാമപ്രക്രിയ പ്രണയത്തെ യുക്തിക്കു നിരക്കാത്ത ഒരു പ്രതിഭാസമാക്കിത്തീർത്തതും ദീർഘദൃഷ്ടിയോടെത്തന്നെയാവാം. യുക്ത്യാനുസൃതമായി മാത്രം തന്റെ പങ്കാളിയെ തിരഞ്ഞെടുക്കുന്ന ഒരാൾ അതേ യുക്തിക്ക് കൂടുതൽ നല്ലതെന്നു തോന്നുന്ന മറ്റൊരാളെ കണ്ടുമുട്ടുമ്പോൾ ആദ്യപങ്കാളിയെ കയ്യൊഴിഞ്ഞേക്കാമല്ലോ.

ദീർഘകാലബന്ധങ്ങളുടെ ഉന്മൂലനത്തിനു കളമൊരുക്കിയേക്കാവുന്ന അത്തരമൊരു സാഹചര്യത്തെ മുളയിലേ നുള്ളിക്കളയാനാവാം പ്രകൃതി യുക്തിരഹിതമായ പ്രണയത്തെ രംഗത്തിറക്കിയത്.

അമ്മമാർ പിഞ്ചുകുഞ്ഞുങ്ങളെ നെഞ്ചോടണക്കുകയും ചുംബിക്കുകയും ആശ്ലേഷിക്കുകയുമൊക്കെ ചെയ്യുമ്പോൾ ആ കുട്ടികൾ തങ്ങൾ ഭ്രൂണാവസ്ഥയിൽ ശ്രവിച്ചുകൊണ്ടിരുന്ന മാതൃഹൃദയത്തിന്റെ താളം വീണ്ടും കേൾക്കുകയും അതുവഴി ഗർഭപാത്രത്തിനുള്ളിൽ അനുഭവിച്ച കടുത്ത സുരക്ഷിതത്വത്തെക്കുറിച്ച് ഓർമിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇതേ സുരക്ഷിതത്വത്തെയാണ് നാം പ്രണയഭാജനങ്ങളുടെ ചുംബനങ്ങളിലും ആലിംഗനങ്ങളിലുമൊക്കെ നമ്മളറിയാതെ തേടുന്നത് എന്നാണ് നരവംശശാസ്ത്രജ്ഞനായ ഡെസ്മണ്ട് മോറിസിന്റെ അനുമാനം.

## പ്രണയം വേവാൻ മൂന്ന് അടുപ്പുകല്ലുകൾ

*“പ്രണയത്തിന് അവസരം കിട്ടാതെ പോകുന്നവർക്കു നൽകപ്പെടുന്ന സമാശ്വാസ സമ്മാനമാണ് ലൈംഗികസുഖം.” - ഗബ്രിയേൽ ഗാർസ്യാ മാർകേസ്*

പ്രണയത്തിന്റെ ചേരുവകൾ എന്തൊക്കെ എന്നതിനെക്കുറിച്ച് പല വീക്ഷണങ്ങൾ നിലവിലുണ്ട്. ഇതിൽ ഏറ്റവും സ്വീകാര്യത ലഭിച്ചിട്ടുള്ളത് റോബർട്ട് സ്റ്റേൺബർഗ് എന്ന മനശാസ്ത്രജ്ഞൻ അവതരിപ്പിച്ച സിദ്ധാന്തത്തിനാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഐകമത്യം, കാമം, പ്രതിജ്ഞാബദ്ധത എന്നിങ്ങനെ മൂന്ന് അടിസ്ഥാനഘടകങ്ങളാണ് പ്രണയത്തിനുള്ളത്. ‘ഐകമത്യം’ ബന്ധത്തിന്റെ തീക്ഷ്ണത, മനസ്സുകൾ തമ്മിലുള്ള ഇഴയടുപ്പം തുടങ്ങിയ വൈകാരികഘടകങ്ങളെയും, ‘കാമം’ ശാരീരികസാമീപ്യത്തിനും ലൈംഗികസംസർഗത്തിനുമുള്ള ചോദനകളെയും, ‘പ്രതിജ്ഞാബദ്ധത’ താൻ ഇന്നയാളെ പ്രണയിക്കുന്നുണ്ട്, ഈ ബന്ധം നിലനിർത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നൊക്കെയുള്ള മനസ്സറിഞ്ഞുള്ള തീരുമാനങ്ങളെയുമാണ് ദ്യോതിപ്പിക്കുന്നത്.

ഇതിൽ ഏതൊക്കെ ഘടകങ്ങളാണ് ഒരു ബന്ധത്തിൽ സന്നിഹിതമായിട്ടുള്ളത് എന്നു പരിശോധിച്ച് നമുക്ക് ആ ബന്ധത്തിന്റെ സ്വഭാവം തിരിച്ചറിയാം. ചില ബന്ധങ്ങളിൽ ഇവയിൽ ഏതെങ്കിലും ഒരു ഘടകം മാത്രമാവാം സന്നിവേശിക്കപ്പെട്ടിട്ടുള്ളത്. മിക്ക സൗഹൃദങ്ങളും ഐകമത്യം മാത്രം ഉൾക്കൊള്ളുന്നവയാണ്. ‘ആദ്യദർശനത്തിലെ പ്രണയ’ങ്ങൾ പലതും കാമം മാത്രം പേറുന്നവയുമാണ്. അറേഞ്ച്ഡ് വിവാഹങ്ങളുടെ ആദ്യനാളുകളിൽ നവദമ്പതികളുടെ അടുത്തിടപെടലുകൾ പലപ്പോഴും പ്രതിജ്ഞാബദ്ധതയിൽ മാത്രം അധിഷ്ഠിതമാവാം. വർഷങ്ങളായി ഒന്നിച്ചുകഴിയുന്ന ഭാര്യാഭർത്താക്കന്മാർക്കിടയിലും

ചിലപ്പോൾ കാമവും മറ്റു വികാരങ്ങളുമൊക്കെ എരിഞ്ഞുതീർന്ന് പല കാരണങ്ങളാൽ തൂത്തെറിയാനാവാതെ കിടക്കുന്ന പ്രതിജ്ഞാബദ്ധത മാത്രമാവാം ബാക്കിനിൽക്കുന്നത്.

ഇനിയും ചില ബന്ധങ്ങളിൽ ഏതെങ്കിലും രണ്ടു ഘടകങ്ങളുടെ സാന്നിദ്ധ്യമുണ്ടാവാം. ഐകമത്യവും കാമവും മാത്രമുള്ള അടുപ്പങ്ങളെ വൈകാരികപ്രണയങ്ങൾ എന്നു വിളിക്കാം. പ്രതിജ്ഞാബദ്ധത തൊട്ടുതീണ്ടിയിട്ടില്ലാത്ത നമ്മുടെ പല കാമ്പസ്പ്രേമങ്ങളെയും ഈ ഗണത്തിൽപ്പെടുത്താം. കാമവും പ്രതിജ്ഞാബദ്ധതയും മാത്രമുള്ള സംബന്ധങ്ങൾ മൂഢപ്രണയങ്ങൾ എന്നു വിളിക്കപ്പെടുന്നു. മാനസികൈക്യം പരിഗണിക്കാതെ കേവലം ലൈംഗികാഭിനിവേഷം മാത്രം കണക്കിലെടുത്ത് ഒന്നിച്ചുകഴിയാൻ തീരുമാനിക്കുന്നവർ ഇക്കൂട്ടത്തിൽപ്പെടുന്നു. ഇത്തരം ബന്ധങ്ങൾ ഏറെനാൾ നിലനിൽക്കാനുള്ള സാദ്ധ്യത തുച്ഛമാണ്. ലൈംഗികാകർഷണം തേഞ്ഞുമാഞ്ഞുപോയ ദീർഘകാലദാമ്പത്യങ്ങൾ ഐകമത്യവും പ്രതിജ്ഞാബദ്ധതയും മാത്രമുള്ള ബന്ധങ്ങളുടെ ഉദാഹരണങ്ങളാണ്.

മൂന്നു ഘടകങ്ങളും ഒരുപോലെ ഒത്തിണങ്ങുമ്പോൾ മാത്രമാണ് മിക്കവരും ഒരുപാടു മോഹിക്കുന്ന സമ്പൂർണപ്രണയം സംജാതമാകുന്നത്. മുകളിൽ പറഞ്ഞ നാനാതരം ബന്ധങ്ങളിൽ ഏതിനേക്കാളും തീവ്രതയും ഈടുറപ്പും സമ്പൂർണപ്രണയങ്ങൾക്ക് കൈവശമുണ്ടായിരിക്കും. എന്നാൽ ഇത്തരം പ്രണയങ്ങൾ നേടിയെടുക്കുന്നതും നിലനിർത്തിക്കൊണ്ടു പോവുന്നതും ക്ലേശകരമാണെന്നും അതുകൊണ്ടുതന്നെ അവ അപൂർവമാണെന്നും സ്റ്റേൺബർഗ് അഭിപ്രായപ്പെടുന്നുണ്ട്.

## ഓരോ ഹൃദയത്തിലും ഓരോ പ്രണയകഥകൾ

*“വസന്തം ചെറിമരങ്ങളോടു ചെയ്യുന്നത് എനിക്ക് നിന്നോടു ചെയ്യണം.” - പാബ്ലോ നെരൂദ*

കുട്ടിക്കാലം തൊട്ടുള്ള നല്ലതും ചീത്തയുമായ അനുഭവങ്ങൾ നമ്മുടെയൊക്കെ ഉൾച്ചുമരുകളിൽ പ്രണയത്തിന്റെ രൂപഭാവങ്ങളെക്കുറിച്ച് പല ധാരണകളും കോറിയിടുന്നുണ്ട്. പുസ്തകങ്ങളും ദൃശ്യമാധ്യമങ്ങളും തൊട്ട് അയൽപക്കങ്ങളിലെ രഹസ്യബാന്ധവങ്ങളും കുളിക്കടവുകളിലെ ചർച്ചകളും വരെ എന്താണു പ്രണയമെന്നതിനെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നമുക്ക് പകർന്നു തരുന്നുണ്ടായിരുന്നു. ഈയനുഭവങ്ങളൊക്കെ നമ്മുടെയുള്ളിൽ പ്രണയത്തെക്കുറിച്ചുള്ള ചില കഥകൾ രൂപപ്പെടുത്തുന്നുണ്ട് എന്നും, അവിടുന്നങ്ങോട്ട് ആ കഥകൾക്കനുസൃതമായ പ്രണയമാണ് നമ്മുടെ ജീവിതങ്ങളിലും നാം തേടുന്നത് എന്നും സ്റ്റേൺബർഗിന്റെ തന്നെ ഒരു ഉപസിദ്ധാന്തം പറയുന്നു.

ചില പ്രമേയങ്ങൾ പലരുടെയും കഥകളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നു എന്ന് പഠനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. “പ്രണയം രഹസ്യാത്മകമായിരിക്കണം; തന്നെക്കുറിച്ചുള്ള വിവരങ്ങൾ ഒരിക്കലും മുഴുവനായി വെളിപ്പെടുത്തിപ്പോവരുത്.”, “ഞങ്ങൾക്കിടയിൽ എന്തൊക്കെ സംഭവിക്കുന്നുവെന്നത് മനസ്സിലോ മറ്റെവിടെയെങ്കിലുമോ കുറിച്ചുവെക്കേണ്ടത് അത്യാവശ്യമാണ്.”, “കാര്യങ്ങൾ അതിന്റേതായ ചില ചിട്ടവട്ടങ്ങളോടെ ചെയ്താൽ മാത്രമേ ഒരു ബന്ധം വിജയിക്കുകയുള്ളൂ. ചെറിയ പിഴവുകൾ പോലും പ്രേമത്തെ തകർത്തു കളഞ്ഞേക്കാം.” തുടങ്ങിയവ ഉദാഹരണങ്ങളാണ്.

ചില പ്രമേയങ്ങൾ ബന്ധങ്ങളെ സുദൃഢമാക്കുമ്പോൾ വേറെ ചിലവ അസ്വാരസ്യങ്ങൾക്കുള്ള ഉൽപ്രേരകങ്ങളായി വർത്തിച്ചേക്കാം. രണ്ടുപേരുടെയും ഉൾക്കഥകൾ തമ്മിൽ നല്ല ചേർച്ചയുണ്ടാവുന്നത് ബന്ധത്തിന്റെ വിജയത്തെ സഹായിക്കും. “എന്റെ കഥയനുശാസിക്കുന്ന പ്രണയമാണ് ഉൽകൃഷ്ടം” എന്ന മുൻവിധി പങ്കാളിക്കോ നമുക്കു തന്നെയോ പ്രസ്തുതസങ്കൽപങ്ങൾക്ക് അനുസൃതമായി വർത്തിക്കാനാവാതെ പോയാൽ അത് വല്ലാത്ത ന്യൂനതയാണെന്ന അനുമാനത്തിനു വഴിവെച്ചേക്കാം. നമ്മുടെ മനസ്സിൽ ഇങ്ങനെച്ചില കഥകൾ കുടികൊള്ളുന്ന വിവരം നാം പോലും അറിയാതെ പോവുകയും ചെയ്യാം.

## പ്രണയാഗ്നിയുടെ അവസ്ഥാന്തരങ്ങൾ

*“നിമിഷങ്ങൾ എത്രയെണ്ണമുണ്ടോ, അത്രതന്നെ തരം പ്രണയങ്ങളുമുണ്ട്.” - ജെയ്ൻ ഓസ്റ്റൻ*

എലൈൻ ഹാറ്റ്ഫീൽഡ് എന്ന മനശാസ്ത്രജ്ഞയുടെ വീക്ഷണത്തിൽ വികാരതീവ്രം, സാനുകമ്പം എന്നിങ്ങനെ രണ്ടുതരം പ്രണയബന്ധങ്ങളുണ്ട്. ഭാവതീക്ഷ്ണത, ലൈംഗികാകർഷണം, പങ്കാളിയുടെ സാമീപ്യം സൃഷ്ടിക്കുന്ന ശാരീരിക ഉണർവ്, ബന്ധത്തെക്കുറിച്ചുള്ള അനിതരമായ ഉത്ക്കണ്ഠ തുടങ്ങിയവയാണ് വികാരതീവ്രബന്ധങ്ങളുടെ മുഖമുദ്രകൾ. ഈ വികാരതീവ്രത ക്ഷണഭംഗുരമായിരിക്കുമെന്നും ഏകദേശം ഒരാറുമാസം തൊട്ട് പരാമാവധി അഞ്ചു വർഷം വരെയൊക്കെയേ നിലനിൽക്കൂ എന്നും തന്റെ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ ഹാറ്റ്ഫീൽഡ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. വികാരതീവ്രപ്രണയം വളരെയേറെ സമയവും ഊർജവും ആവശ്യപ്പെടുന്നുണ്ടെന്നതും അത് ഏറെനാൾ നിലനിൽക്കുന്നത് പങ്കാളികളുടെ മനസ്സൈ്വര്യത്തിനും കുട്ടികളെ ശ്രദ്ധിക്കുന്നതടക്കമുള്ള മറ്റുത്തരവാദിത്തങ്ങളുടെ ശരിയായ നിർവഹണത്തിനും ഹാനികരമായേക്കാമെന്നതും കൊണ്ടാവാം പ്രകൃതി അതിനെ പതിയെപ്പതിയെ കെടുത്തിക്കളയുന്നത്.

കാര്യങ്ങൾ നേരേചൊവ്വേ നീങ്ങുകയാണെങ്കിൽ കാലക്രമത്തിൽ വികാരതീവ്രപ്രണയം കൂടുതൽ ചിരസ്ഥായിയായ സാനുകമ്പപ്രണയത്തിനു വഴിമാറുകയാണ് ചെയ്യുക. പരസ്പരബഹുമാനം, നല്ല മാനസികൈക്യം, പങ്കാളിയിലുള്ള അതിരറ്റ വിശ്വാസം, തക്കയളവിലുള്ള പരസ്പരാശ്രിതത്വം തുടങ്ങിയവയാണ് സാനുകമ്പപ്രണയങ്ങളിൽ മുൻപന്തിയിൽ നിൽക്കുക.

വികാരതീവ്രതയുടെ ഗാംഭീര്യത്തോടൊപ്പം സാനുകമ്പബന്ധങ്ങളുടെ ദൃഢതയും സുരക്ഷിതത്വവും കൂടി എക്കാലവും ഒരുമിച്ചനുഭവിച്ചു കൊണ്ടിരിക്കാൻ പലരും വ്യാമോഹിച്ചേക്കാമെങ്കിലും അത് അപൂർവമായേ സാദ്ധ്യമാവാറുള്ളൂ.

## ആരോടാണു നമുക്ക് ഇഷ്ടം തോന്നിപ്പോവുന്നത്?

*“കമിതാക്കൾ ഒരു നാൾ പരസ്പരം കണ്ടുമുട്ടുകയല്ല ചെയ്യുന്നത്. അവരിരുവരും എക്കാലവും മറ്റേയാളെ ഉള്ളിൽപ്പേറുന്നുണ്ടായിരുന്നു.” - ജലാലുദ്ദീൻ റൂമി*

എങ്ങനെയുള്ളവരോടാണ് നാം വശംവദരായിപ്പോവുന്നത് എന്നന്വേഷിച്ച ഗവേഷകർ പരിണാമസിദ്ധാന്തവുമായി പൊരുത്തപ്പെടുന്ന ചില വിശദീകരണങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. രൂപഭംഗി, മുഖത്തിന്റെ ഇടതും വലതും ഭാഗങ്ങൾ തമ്മിലുള്ള അനുപാതപ്പൊരുത്തം എന്നീ പൊതുവെ വിലമതിക്കപ്പെടുന്ന ഗുണങ്ങൾ രണ്ടും നല്ല ജീനുകളുടെ ബഹിർസ്ഫുരണങ്ങളാണെന്നും ഈ വിശേഷതകളുള്ളവരെ തിരഞ്ഞെടുക്കുക വഴി ഭാവിതലമുറകൾക്ക് നല്ല ജനിതകഘടന ഉറപ്പുവരുത്തുകയാണ് നാം ചെയ്യുന്നത് എന്നുമാണ് വിദഗ്ദ്ധമതം. സ്ത്രീസൌന്ദര്യത്തിന്റെ ലക്ഷണങ്ങളായി വാഴ്ത്തപ്പെടാറുള്ള മൃദുവായ ചർമം, തിളക്കമാർന്ന നീണ്ട മുടി, ഒതുങ്ങിയ അരക്കെട്ട്, നിറഞ്ഞ മാറിടം തുടങ്ങിയവ നല്ല ആരോഗ്യത്തിന്റെയും പ്രത്യുൽപാദനക്ഷമതയുടെയും വ്യംഗ്യസൂചനകൾ കൂടിയാണ്.

ആകാരത്തിലും വ്യക്തിത്വത്തിലും പെരുമാറ്റരീതികളിലും നമ്മോടോ മാതാപിതാക്കളോടോ സദൃശരായവരോട് നമുക്ക് കൂടുതൽ ആകർഷണം തോന്നാം. ബുദ്ധിശക്തി, ഉയരം, സംഭാഷണപാടവം തുടങ്ങിയവയിൽ നമ്മോടടുത്തു നിൽക്കുന്നവർക്കും നാം മുൻഗണന കൊടുത്തേക്കാം. ഇങ്ങിനെയുള്ളവരെ വരിക്കുക വഴി പങ്കാളിയുമായുള്ള ജനിതകസാദൃശ്യം വർദ്ധിപ്പിക്കുകയാണ് നമ്മൾ ചെയ്യുന്നത്. ഇത് ഗർഭങ്ങൾ അലസിത്തീരാനുള്ള സാദ്ധ്യത കുറയാനും ആരോഗ്യപൂർണരായ സന്തതികളുടെ ജനനത്തിനും വഴിയൊരുക്കുന്നുണ്ട്.

നിരന്തരം കണ്ടുമുട്ടുന്നവരോടും ഇടക്കിടെ ഇടപഴകുന്നവരോടും തൊട്ടടുത്ത് താമസിക്കുകയോ ജോലിക്കിരിക്കുകയോ മറ്റോ ചെയ്യുന്നവരോടും നമുക്ക് താൽപര്യം ജനിക്കാനും നമ്മെ ഇഷ്ടപ്പെടുന്നു എന്ന ഒറ്റക്കാരണം കൊണ്ട് നമുക്കൊരാളോട് മനച്ചായ്^വു തോന്നാനും സാദ്ധ്യത കൂടുതലാണെന്ന് പല പഠനങ്ങളും സ്ഥിരീകരിച്ചിട്ടുണ്ട്.

നാം കൊതിക്കുന്ന, എന്നാൽ നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ചില ഗുണങ്ങൾ കൈവശമുള്ളവരോടും നമുക്ക് പ്രതിപത്തി തോന്നാം. എന്നാൽ ഈ രീതിയിൽ പരസ്പരപൂരകങ്ങളായി വർത്തിക്കുന്ന ദമ്പതികൾ കൂടുതൽ സംതൃപ്തരാണ് എന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുമ്പോൾ ഇത്തരം ബന്ധങ്ങൾക്ക് സമാനതയിലധിഷ്ഠിതമായ ദാമ്പത്യങ്ങളെക്കാൾ ആയുസ്സ് കുറവാണ് എന്നൊരു മറുവാദവും നിലവിലുണ്ട്.

## ആൺപ്രണയങ്ങളും പെൺപ്രണയങ്ങളും

*“ഓരോ ആണും തന്റെ പെണ്ണിന്റെ ആദ്യകാമുകനായിരിക്കാൻ ആശിക്കുന്നു. സ്ത്രീകൾ മോഹിക്കുന്നതോ, തന്റെയാളുടെ അവസാനകാമുകിയാവാനും.”* - *ജെന്നിഫർ വിൽകിൻസൺ*

പങ്കാളികൾക്കു നിശ്ചയിച്ചിട്ടുള്ള യോഗ്യതാമാനദണ്ഡങ്ങളിലും പ്രണയത്തോടുള്ള മറ്റു സമീപനങ്ങളിലും സ്ത്രീപുരുഷന്മാർ തമ്മിൽ വലിയ അന്തരങ്ങളുണ്ട്. ഗർഭത്തിന്റെയും പ്രസവത്തിന്റെയും പീഢകൾ സഹിക്കേണ്ടതും കുട്ടികളുടെ സംരക്ഷണത്തിന്റെ മുഖ്യഉത്തരവാദിത്തം ശിരസാവഹിക്കേണ്ടതും സ്ത്രീകളാണ് എന്ന വസ്തുതയാണ് ഈ വ്യതിരിക്തതകൾക്കു മൂലകാരണമായത്.

ഇണയെ തെരഞ്ഞെടുക്കുന്നതിൽ കൂടുതൽ സൂക്ഷ്മത പുലർത്തുന്നത് പൊതുവെ സ്ത്രീകളാണ്. യാഥാർത്ഥ്യബോധത്തിലൂന്നിയും പ്രായോഗികവശങ്ങൾ കണക്കിലെടുത്തും പ്രേമപാത്രങ്ങളെ തെരഞ്ഞെടുക്കുന്നതും സാമൂഹ്യനിലവാരത്തിനും സാമ്പത്തികസ്ഥിതിക്കുമൊക്കെ കൂടുതൽ പ്രാധാന്യം കൊടുക്കുന്നതും അവരാണ്. പങ്കാളി എത്രത്തോളം പ്രതിജ്ഞാബദ്ധത പ്രകടിപ്പിക്കുന്നുണ്ട് എന്നതിന് കൂടുതൽ പരിഗണന കൊടുക്കുന്നതും സ്ത്രീകളാണ്. മറ്റൊരാളുടെ ശരീരഭാഷയെ വ്യാഖ്യാനിച്ചെടുക്കാനുള്ള ജന്മസിദ്ധമായ കഴിവ് അധികമായുള്ളതും അവർക്കു തന്നെയാണ്. മറിച്ച് ബാഹ്യരൂപത്തിന് കൂടുതൽ പ്രാമുഖ്യം കൽപിക്കുന്നതും ആദ്യദർശനത്തിലെ അനുരാഗത്തിന് എളുപ്പത്തിൽ വശംവദരായിപ്പോകുന്നതും ആദർശനിഷ്ഠയുടെയോ

പരക്ഷേമകാംക്ഷയുടെയോ പുറത്ത് ബന്ധങ്ങളിലേക്ക് എടുത്തുചാടുന്നതും ഏറെയും പുരുഷന്മാരാണ്.

അടുത്തു പരിചയമുള്ള രണ്ടുപേർക്കിടയിൽ പ്രണയം എന്ന വികാരം ആദ്യം നാന്ദികുറിക്കുന്നത് മിക്കവാറും പുരുഷന്റെ ഹൃദയത്തിലായിരിക്കും. എന്നാൽ "ഈ ബന്ധം ഇനിയും തുടരുന്നതിൽ അർത്ഥമില്ല" എന്ന് ആദ്യം നിശ്ചയിക്കുന്നത് മിക്കപ്പോഴും സ്ത്രീകളാണ്. ഉള്ളിലെയിഷ്ടം തുറന്നുകാണിക്കാൻ പുരുഷന്മാർ സമ്മാനങ്ങൾ, ശാരീരികമായ സഹായങ്ങൾ തുടങ്ങിയ ചെയ്തികൾ തെരഞ്ഞെടുക്കുമ്പോൾ പ്രണയത്തിന്റെ ക്രയവിക്രയങ്ങൾ വാക്കുകളിലൂടെയാവാനാണു സ്ത്രീകളുടെ താല്പര്യം.

തങ്ങൾ പ്രണയത്തിലല്ലാത്തവരുമായി കിടക്ക പങ്കിടാൻ വൈമനസ്യം കുറവുള്ളത് പുരുഷന്മാർക്കാണ്. മിക്ക സ്ത്രീകളും പ്രണയത്തെയും ലൈംഗികതയെയും ഒന്നിച്ചു കൂട്ടിക്കലർത്തി മാത്രം സമീപിക്കുമ്പോൾ പുരുഷന്മാർക്ക് രണ്ടിനെയും രണ്ടായിട്ടു തന്നെ കാണാൻ അത്ര വൈഷമ്യമില്ല എന്നർത്ഥം. സ്ത്രീകൾ പ്രണയത്തെ വീക്ഷിക്കുന്നത് വൈകാരികപ്രതിബദ്ധതയുടെയും സുരക്ഷിതത്വത്തിന്റെയും മാനങ്ങളിലൂടെയാണെങ്കിൽ പുരുഷന്മാർ ചാരിത്ര്യം, ലൈംഗികസുഖം തുടങ്ങിയ വശങ്ങൾക്കാണ് പ്രാഥമ്യം കൽപിക്കുന്നത്. പുരുഷന്മാർ കാമപൂർത്തിക്കായി പ്രേമം നടിക്കാനുള്ള സാദ്ധ്യത കൂടുതലുള്ളപ്പോൾ സ്ത്രീകൾ പ്രണയപ്രാപ്തിക്കു വേണ്ടി ലൈംഗികതയെ ഉപയോഗിക്കാനുള്ള സാദ്ധ്യതയാണു കൂടുതൽ.

വംശവർദ്ധനവിൽ പുരുഷന്റെ പങ്കാളിത്തം മുഖ്യമായും ശാരീരികവും സാമ്പത്തികവുമായ പിന്തുണകളിലൂടെയാണ്. ഇവക്ക് ലൈംഗികതയുമായി പ്രത്യേകിച്ച് ബന്ധമൊന്നുമില്ല. എന്നാൽ സന്താനോൽപാദനത്തിനുള്ള സ്ത്രീകളുടെ പ്രധാന മൂലധനങ്ങളായ ഗർഭപാത്രവും സ്തനങ്ങളും ലൈംഗികതയുമായി കൂടിപ്പിണഞ്ഞാണു കിടക്കുന്നത്. ആൺമനസ്സുകളിൽ ലൈംഗികതയോട് താരതമ്യേന കൂടുതൽ പ്രതിപത്തി ഉടലെടുത്തത് ഇക്കാരണത്താലാവാം.

## ചൊട്ടയിലെ അനുഭവങ്ങൾ ബന്ധങ്ങൾക്കു ചുടലയൊരുക്കുമ്പോൾ

*"ഒരാൺകുട്ടിയുടെ ഏറ്റവുമടുത്ത സുഹൃത്ത് അവന്റെ അമ്മയായിരിക്കും."*
*- ഹിച്ച്കോക്കിന്റെ സൈക്കോ എന്ന സിനിമയിലെ മനോവൈകല്യമുള്ള, കൊലപാതകിയായ നായകകഥാപാത്രം*

പങ്കാളി തന്നെ സ്നേഹിക്കാതാവുമോ, ഉപേക്ഷിച്ചു പോയേക്കുമോ എന്നൊക്കെയുള്ള നിരന്തരസന്ദേഹങ്ങളെ 'ആകുലത' എന്നും ആരെങ്കിലും തന്നോടടുക്കാൻ ശ്രമിക്കുമ്പോഴൊക്കെ അസ്വസ്ഥത അനുഭവപ്പെടുന്നതിനെ 'വിമുഖത' എന്നും വിളിക്കാറുണ്ട്. ആകുലതയോ വിമുഖതയോ സന്നിഹിതമാണോ അല്ലയോ എന്നതിന്റെ അടിസ്ഥാനത്തിൽ വ്യക്തിബന്ധങ്ങളോടുള്ള ഓരോരുത്തരുടെയും സമീപനങ്ങളെ താഴെ വിശദീകരിച്ചിട്ടുള്ള രീതിയിൽ നാലായി തരംതിരിക്കാം. ഇതിൽ ഏതു ശൈലിയാണ് ഒരാളിൽ രൂപപ്പെടുക എന്നു നിർണയിക്കുന്നത് കുട്ടിക്കാലത്ത് ആ വ്യക്തിക്ക് തന്റെ രക്ഷകർത്താക്കളുമായുണ്ടായിരുന്ന ബന്ധത്തിന്റെ രീതിവിശേഷങ്ങളാണ് എന്ന് ജോൺ ബൌൾബി എന്ന മനോരോഗവിദഗ്ദ്ധൻ മുന്നോട്ടുവെച്ച സിദ്ധാന്തം പറയുന്നു.

ലവലേശം ആകുലതയോ വിമുഖതയോ കൂടാതെ മറ്റുള്ളവരുമായി അടുക്കുന്ന ശീലമുള്ളവർക്കു മാത്രമാണ് ആരോഗ്യകരമായ ദീർഘകാലബന്ധങ്ങൾ കൈവരിക്കാനാവുക. കുട്ടികളുടെ ആവശ്യങ്ങളോട് തക്കസമയത്ത് അനുയോജ്യമായ രീതിയിൽ പ്രതികരിക്കുക പതിവാക്കിയവരുടെ മക്കളിലാണ് ഈ ശീലം രൂപപ്പെടാറുള്ളത്.

ചില നേരങ്ങളിൽ മക്കളെ ഉചിതമായ രീതിയിൽ സ്നേഹിക്കുകയും എന്നാൽ മറ്റു ചില വേളകളിൽ അവരെ അകാരണമായ നിർവികാരതയോടെ അവഗണിക്കുകയും ചെയ്യുക എന്ന സ്ഥിരതയില്ലാത്ത പെരുമാറ്റം പ്രകടിപ്പിക്കുന്നവരുടെ മക്കളിൽ ആകുലത കൂടുതലായി കണ്ടുവരാറുണ്ട്. ഇക്കൂട്ടർ അരക്ഷിതത്വബോധം, കടുത്ത സ്വയംവിമർശനം, പങ്കാളിയാൽ തിരസ്കരിക്കപ്പെടുമോയെന്ന നിരന്തരമായ ഉത്ക്കണ്ഠ തുടങ്ങിയവയിൽ ഉഴറുന്നവരായി വളർന്നുവരാം.

കുട്ടികളെ ആപത്തുവേളകളിൽ പോലും ഗൌനിക്കാതിരിക്കുകയും ചെറുപ്രായത്തിലേ സ്വയംപര്യാപ്തരാവാൻ നിർബന്ധിക്കുകയും ചെയ്യുന്നവരുടെ മക്കൾ വളർന്നു വരുന്നത് ഒരുപാട് വിമുഖതയുമായാവാം. ഇങ്ങിനെയുള്ളവർ ഭാവിയിൽ മറ്റുള്ളവരുടെ വികാരവായ്പുകൾക്കു മുന്നിൽ മനസ്സിളകാത്തവരും ബന്ധങ്ങൾക്ക് വലിയ പ്രാധാന്യമൊന്നും കൊടുക്കാത്തവരും ആയിമാറാം.

രക്ഷകർത്താക്കളുടെ ക്രൂരപീഢനങ്ങൾക്കു വിധേയരാവുന്ന കുട്ടികളെ മുതിർന്നു കഴിയുമ്പോൾ ആകുലതയും വിമുഖതയും ഒരുപോലെ പിടികൂടാം. ഇവർ വൈകാരികമായ അടുപ്പങ്ങളെ ഒരേസമയം തന്നെ ആഗ്രഹിക്കുകയും ഭയക്കുകയും ചെയ്യുന്നവരായിത്തീരാം. ഇത്തരക്കാർ അകപ്പെടുന്ന ബന്ധങ്ങൾ നാടകീയതയും വികാരവിക്ഷുബ്ധതകളും പ്രവചനാതീതമല്ലാത്ത പെരുമാറ്റങ്ങളുമൊക്കെ നിറഞ്ഞാടുന്നവയായിരിക്കും.

ഇപ്പറഞ്ഞതിൽ ഏതു ശൈലിയാണ് താൻ സ്വാംശീകരിച്ചിട്ടുള്ളത് എന്നു തിരിച്ചറിയുന്നത് ബന്ധങ്ങളിലേർപ്പെടുമ്പോൾ തക്കതായ മുൻകരുതലുകൾ സ്വീകരിക്കാൻ നമ്മെ പ്രാപ്തരാക്കും. മുതിർന്നു കഴിഞ്ഞുണ്ടാകുന്ന അനുഭവങ്ങൾക്കും ഒരാളുടെ വ്യക്തിബന്ധശൈലിയെ സ്വാധീനിക്കാനാവുമെന്നും തക്കതായ മനശാസ്ത്രചികിത്സകൾ വഴി ചെറുപ്പത്തിൽ രൂപപ്പെട്ട മോശം ശൈലികളെ പൊളിച്ചുപണിയാൻ സാധിക്കുമെന്നും സമീപകാല പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്.

## പ്രണയം ശാശ്വതമാവാൻ ചില ഒറ്റമൂലികൾ

*“ബാധിതരാരും വിടുതിയാഗ്രഹിക്കാത്ത ഒരു രോഗമാണ് പ്രണയം.” - പൌലോ കൊയ്‌ലോ*

അടുപ്പത്തിന്റെ തുടക്കകാലങ്ങളിൽത്തന്നെ പരസ്പരസംവേദനത്തിലുള്ള ചെറിയ പോരായ്മകൾ പോലും തിരിച്ചറിയുകയും, അവയെ ക്രിയാത്മകമായി പരിഹരിക്കുകയും, ഫലപ്രദമായ ആശയവിനിമയരീതികൾ വളർത്തിയെടുക്കുകയും, ഇതൊക്കെ വഴി തങ്ങൾ നല്ല മനപ്പൊരുത്തമുള്ളവരാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നത് ബന്ധത്തിന്റെ ആത്യന്തികവിജയത്തെ സഹായിക്കും. ഇതിനൊന്നും മിനക്കെടാതെ നേരെ ലൈംഗികബന്ധത്തിലേക്കു നീങ്ങുന്ന കാമുകീകാമുകന്മാർക്ക് ഭാവിയിൽ തലപൊക്കുന്ന പ്രശ്നങ്ങളെ ഒന്നിച്ചു തരണം ചെയ്യാനുള്ള കഴിവ് ദുർബലമായിരിക്കും.

അനശ്വരപ്രണയം കൈവരിക്കാൻ കൊതിക്കുന്നവർ ബന്ധം പുരോഗമിച്ചു കഴിഞ്ഞാലും പരസ്പരം മനസ്സുകൾ തുറന്നു കൊണ്ടേയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കേവലം വാർത്തകളും വസ്തുതകളും മാത്രം ചർച്ചക്കെടുക്കാതെ തന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും വികാരങ്ങളുമൊക്കെക്കൂടി പ്രേമഭാജനത്തോട് പങ്കുവെച്ചുകൊണ്ടിരിക്കേണ്ടത് അത്യാവശ്യമാണ്. ഇരുവർക്കും ഒരുപോലെ താൽപര്യമുള്ള വിഷയങ്ങൾ തിരിച്ചറിയുന്നതും ഒരുമിച്ചു സമയം ചെലവഴിക്കാൻ അവസരങ്ങൾ തരുന്ന പുതിയ പുതിയ വിനോദങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നതും എക്കാലവും അന്യോന്യം പറഞ്ഞുകൊണ്ടിരിക്കാനുള്ള പുതുപുത്തൻവിശേഷങ്ങൾ ലഭിച്ചുകൊണ്ടിരിക്കാൻ സഹായിക്കും.

ദൈനംദിനവ്യവഹാരങ്ങളിൽ ഇരുവർക്കും ഒരേ പ്രാധാന്യം ലഭിക്കേണ്ടതും അത്യാവശ്യമാണ്. ഓരോരോ കാര്യത്തിലും രണ്ടുപേരുടെയും അഭിപ്രായങ്ങൾക്ക് തുല്യപരിഗണന കൊടുത്തുകൊണ്ടിരിക്കണം എന്നല്ല ഇതിനർത്ഥം. മറിച്ച് ദീർഘകാലാനുഭവങ്ങളെ കണക്കിലെടുക്കുമ്പോൾ രണ്ടിലൊരാൾക്ക് താൻ

തീരെ പരിഗണിക്കപ്പെടുന്നില്ല എന്ന തോന്നലുളവാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുണ്ട് എന്നാണ്.

അനുരാഗത്തിന്റെ ആദ്യനാളുകളിൽ സാമ്പത്തികവും മറ്റുമായ ചെലവുകൾ തത്തുല്യമായി വഹിച്ച് താൻ പങ്കാളിയുടെ ഔദാര്യത്തിൽ ജീവിച്ചു പോവാനാഗ്രഹിക്കുന്ന വ്യക്തിയല്ല എന്ന് അന്യോന്യം ബോദ്ധ്യപ്പെടുത്താൻ ഇരുവരും ശ്രദ്ധിക്കുന്നത് സ്വാഭാവികമാണ്. അടുപ്പം ഗഹനമാകുന്നതിനനുസരിച്ച് പക്ഷേ ഇങ്ങിനെ ഓരോ കാര്യത്തിലും തുല്യത നോക്കുന്നത് നിർത്തലാക്കുകയും, പകരം ബന്ധത്തിലേക്കുള്ള സംഭാവനകളുടെയും ബന്ധം കൊണ്ടുള്ള ലാഭനഷ്ടങ്ങളുടെയും ആകെത്തുകകൾ ഇരുവർക്കും ഏറെക്കുറെ സമമായിരിക്കുവാൻ ശ്രദ്ധിക്കുകയുമാണു വേണ്ടത്. ഉദാഹരണത്തിന് ഒരാൾ പണവും മറ്റേയാൾ കുറേയേറെ സമയവും ബന്ധത്തിന്റെ ആവശ്യകതകൾക്കായി ചെലവഴിക്കുന്ന സാഹചര്യം രണ്ടുപേർക്കും തൃപ്തികരമാവേണ്ടതാണ്. അടുപ്പം പിന്നെയും തീവ്രമാകുമ്പോൾ ചില വിഷയങ്ങളിലെങ്കിലും കണക്കുനോട്ടങ്ങൾക്ക് പൂർണവിരാമമിടാവുന്നതാണ്. എന്നിരുന്നാലും നിസ്വാർത്ഥത വിളയാടേണ്ട ഈയൊരു ഘട്ടത്തിൽ പോലും ഒരാൾത്തന്നെ എല്ലാം ഒരുക്കുകയും മറ്റേയാൾക്ക് തന്റേതായ സംഭാവനകളൊന്നും പങ്കുവെക്കാനുള്ള അവസരങ്ങളില്ലാതെ പോവുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## MATTER FOR BOXES

### ആദ്യദർശനത്തിലെ അനുരാഗം എന്നൊന്ന് ശരിക്കും ഉണ്ടോ?

ഉണ്ട്. ഒരാളുടെ ആകർഷണീയതയുടെ അളവെടുക്കാൻ നമുക്ക് ശരാശരി 0.13 നിമിഷങ്ങൾ മതിയെന്നും രണ്ടുപേർ ഒന്നിച്ചു ചെലവിടുന്ന ആദ്യമിനിട്ടുകൾ തന്നെ അവരുടെ ബന്ധത്തിന്റെ ഭാവിയെ നിർണയിക്കുന്നുണ്ട് എന്നും ഗവേഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്.

എന്നാൽ ഒരാളുടെ രൂപഭംഗിയും സൌന്ദര്യമുള്ളവർ സൽഗുണസമ്പന്നരായിരിക്കും എന്ന മുൻവിധിയും ആണ് നാം ഒറ്റനോട്ടത്തിലേ ചിലരിൽ ആകൃഷ്ടരായിപ്പോവാൻ നിമിത്തമാകുന്നത് എന്നോർക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഒന്നാംകാഴ്ചയിൽ നാം കൽപിച്ചുകൊടുത്ത നല്ല ഗുണങ്ങളൊന്നും സത്യത്തിൽ ആ വ്യക്തിക്ക് ഇല്ല

എന്ന് പിന്നീട് തെളിയിക്കപ്പെട്ടാൽ ഇത്തരം ബന്ധങ്ങൾ താറുമാറായിപ്പോവാനുള്ള സാദ്ധ്യത ഏറെയാണ്.

## വിരഹം പ്രണയത്തിന്റെ തീവ്രത കൂട്ടുമോ?

അത് ഒരാളുടെ വ്യക്തിത്വത്തെ ആശ്രയിച്ചിരിക്കും. അന്തർമുഖരിൽ വിരഹം പ്രണയത്തെ ശക്തിപ്പെടുത്തും. എന്നാൽ ഏവരോടും അങ്ങോട്ടുകയറി ഇടപെടുന്ന ശീലമുള്ളവരിൽ വിരഹം വിപരീതഫലമാവാം സൃഷ്ടിക്കുക.

## പ്രണയം നമ്മളറിയാതെ സംഭവിച്ചു പോകുന്നതാണോ?

അല്ല. ഐകമത്യം, കാമം, പ്രതിജ്ഞാബദ്ധത എന്നിവയിൽ കാമം മാത്രമാണ് തീരെ നമ്മുടെ നിയന്ത്രണത്തിലല്ലാതുള്ളത്. ഒരാളോട് പ്രതിജ്ഞാബദ്ധത പുലർത്താൻ നാം നിശ്ചയിക്കുന്നത് പൂർണമായും സ്വയമറിഞ്ഞു തന്നെയാണ്. ഒരു ബന്ധത്തിൽ എത്രത്തോളം ഐകമത്യം പ്രകടമാക്കണം എന്നതും ഒരു പരിധി വരെ നമുക്ക് തീരുമാനിക്കാൻ കഴിയും.

ഇതേ കാരണത്താൽ പ്രതിജ്ഞാബദ്ധത, ഐകമത്യം എന്നിവയിൽ തക്കതായ ശ്രദ്ധ ചെലുത്തുക വഴി നേടിയെടുത്തു കഴിഞ്ഞ ഒരു പ്രണയം മാഞ്ഞുപോകാതെ സൂക്ഷിക്കാനും നമുക്കു പറ്റും.

## ഒരേസമയം ഒന്നിലധികം പേരെ പ്രണയിക്കാനാവുമോ?

ഐകമത്യവും കാമവും പ്രതിജ്ഞാബദ്ധതയും തികഞ്ഞ സമ്പൂർണപ്രണയത്തിന്റെ കാര്യമാണ് ഉദ്ദേശിച്ചതെങ്കിൽ സാദ്ധ്യമല്ല എന്നാണുത്തരം. അതിനു ശ്രമിക്കുന്നത് കടുത്ത അന്തഃസംഘർഷങ്ങൾക്കു വഴിവെക്കുകയും ആ ആന്തരികകലഹങ്ങൾ ക്രമേണ ബന്ധങ്ങളുടെ വിനാശത്തിന് ഇടയാക്കുകയും ചെയ്യും.

വികാരതീവ്രപ്രണയം, സാനുകമ്പപ്രണയം എന്നിവയിൽ ഏതെങ്കിലുമൊരെണ്ണം മാത്രമേ തന്റെ പങ്കാളിക്കു തരാനാവുന്നുള്ളൂ എന്ന നിഗമനത്തിലെത്തുന്നവർ കിട്ടാതെ പോവുന്നയാ പ്രണയത്തിനു വേണ്ടി മറ്റൊരു പങ്കാളിയെ കണ്ടെത്തിയേക്കാം. പക്ഷേ കാലക്രമത്തിൽ അതിലൊരാളോടു പുലർത്തുന്ന വികാരതീവ്രപ്രണയം എരിഞ്ഞടങ്ങി അതും സാനുകമ്പപ്രണയത്തിനു വഴിമാറുമ്പോൾ കാര്യങ്ങൾ ദുഷ്കരമാകും. രണ്ടു പ്രേമഭാജനങ്ങളോട് മനസ്സറിഞ്ഞിടപഴകാൻ

അയാൾക്ക് രണ്ട് വ്യത്യസ്തമുഖങ്ങൾ കൈക്കൊള്ളേണ്ടതായി വരും. ഇത്തരം ദ്വൈതവ്യക്തിത്വങ്ങൾ ഏറെനാൾ നിലനിർത്തിക്കൊണ്ടു പോവുക അതീവക്ലേശകരമായിരിക്കും. ഇതു സൃഷ്ടിക്കുന്ന മനോയാതന രണ്ടിലൊരാളിലേക്ക് ഒതുങ്ങിക്കൂടാൻ അയാളെ നിർബന്ധിതനാക്കുകയും ചെയ്യും.

---

## പ്രണയത്തിനു തീവ്രത കൂടുതലുള്ളത് പ്രേമവിവാഹങ്ങളിലാണോ?

രാജസ്ഥാൻ സർവ്വകലാശാലയിലെ ചില ഗവേഷകർ ഈ വിഷയത്തെ പഠനവിധേയമാക്കുകയുണ്ടായി. മധുവിധുവേളയിൽ കൂടുതൽ ഉൽക്കടമായ പ്രണയം ദൃശ്യമായത് പ്രേമവിവാഹങ്ങളിൽത്തന്നെയായിരുന്നു. എന്നാൽ കാലക്രമത്തിൽ പ്രേമവിവാഹങ്ങളിൽ പ്രണയം ദുർബലമായിപ്പോവുമ്പോൾ അറേഞ്ച്ഡ് വിവാഹങ്ങളിൽ അത് പതിയെപ്പതിയെ സുദൃഢമായിത്തീരുന്നതായാണു കാണപ്പെട്ടത്. വിവാഹത്തിന്റെ പത്താം വാർഷികത്തിൽ അറേഞ്ച്ഡ് വിവാഹങ്ങളിലെ പ്രണയത്തിന്റെ തീക്ഷ്ണത പ്രേമവിവാഹങ്ങളിലേതിനേക്കാൾ ഏകദേശം ഇരട്ടിയായിരുന്നു! പ്രേമവിവാഹങ്ങളുടെ തുടക്കത്തിൽ ജ്വലിച്ചുനിൽക്കുന്ന കാമം ക്രമേണ എരിഞ്ഞടങ്ങുന്നതും അറേഞ്ച്ഡ് വിവാഹങ്ങളിൽ ആദ്യനാളുകളിൽ ദുർബലമായ ഐകമത്യം ക്രമേണ ദൃഢതയാർജിക്കുന്നതുമാണ് ഈ സ്ഥിതിഭേദങ്ങൾക്കു നിമിത്തമാകുന്നത്.

---

## പ്രണയത്തിനൊരുങ്ങുന്നവർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണം ഏത്?

ഇന്ത്യയടക്കമുള്ള മുപ്പത്തിയേഴ് രാജ്യങ്ങളിലെ പതിനായിരത്തോളം സ്ത്രീപുരുഷന്മാരോട് പതിമൂന്നിനങ്ങളുള്ള ഒരു പട്ടികയിൽ നിന്ന് തങ്ങളുടെ ജീവിതപങ്കാളിയിൽ കാണാനാഗ്രഹിക്കുന്ന മൂന്നു ഗുണങ്ങൾ ചൂണ്ടിക്കാണിക്കാൻ ഗവേഷകർ ആവശ്യപ്പെടുകയുണ്ടായി. സ്ത്രീകളുടെയും പുരുഷന്മാരുടെയും മുൻഗണനകളിൽ പല വ്യത്യാസങ്ങളും തെളിഞ്ഞുവന്നെങ്കിലും കരുണ എന്ന ഗുണം ദേശഭേദമന്യേ ഇരുലിംഗങ്ങളുടെയും പട്ടികകളിൽ മുന്നിട്ടുനിന്നു.

---

## വിവാഹപ്രായത്തിനു ശേഷം പലരുടെയും സർഗാത്മകത വറ്റിവരണ്ടുപോകുന്നത് എന്തുകൊണ്ട്?

ജെഫ്രി മില്ലർ എന്ന മനശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ ചിത്രം വരക്കാനോ, പാട്ടുപാടാനോ, തമാശ പറയാനോ, കായികാഭ്യാസങ്ങൾ നടത്താനോ ഒക്കെ ചിലർക്കുള്ള കഴിവുകൾ അനുയോജ്യരായ ഇണകളുടെ മനസ്സിളക്കാൻ വേണ്ടി മാത്രം ഉരുത്തിരിഞ്ഞു വന്നവയാണ്. മറ്റുള്ളവരിലെ ഇത്തരം യോഗ്യതകളെ തിരിച്ചറിയാനും വിവിധ കലാകായികരൂപങ്ങളെ ആസ്വദിക്കാനും വിലയിരുത്താനുമൊക്കെയുള്ള പാടവം നമ്മുടെ തലച്ചോറുകളിൽ രൂപപ്പെട്ടത് യോഗ്യരായ പങ്കാളികളെ വേർതിരിച്ചറിയുകയെന്ന ജോലി ആയാസരഹിതമാകാൻ വേണ്ടിയുമാണ്.

---

## അടുത്ത രക്തബന്ധത്തിലുള്ളവരോടു നമുക്ക് പൊതുവെ പ്രണയം തോന്നാത്തത് എന്തു കൊണ്ട്?

രക്തബന്ധമുള്ളവർക്കു ജനിക്കുന്ന സന്തതികൾക്ക് ജനിതകവൈകല്യങ്ങൾ പിടിപെടാൻ സാദ്ധ്യത കൂടുതലാണ്. ഇതൊഴിവാക്കാനാണ് പ്രകൃതി നമ്മുടെയൊക്കെ മനസ്സുകളിൽ നിന്ന് ഇങ്ങിനെയുള്ളവരോടുള്ള പ്രണയാസക്തി എടുത്തുമാറ്റിയത്. എന്നാൽ ഇത് എങ്ങിനെ സാദ്ധ്യമാകുന്നു എന്നതിന്റെ വിശദാംശങ്ങൾ ശാസ്ത്രജ്ഞർക്ക് ഇതുവരെ പിടികിട്ടിയിട്ടില്ല. ബാല്യശൈശവങ്ങളിൽ നിരന്തരം നേരിൽക്കാണുന്നവരോടാണ് മുതിർന്നുകഴിയുമ്പോൾ നമുക്ക് ലൈംഗികവൈമുഖ്യം രൂപപ്പെടുന്നത് എന്ന് ചില പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെയൊക്കെയുള്ളിൽ അറപ്പ് എന്ന വികാരം ആവിർഭവിച്ചതിന്റെ ഒരു പ്രധാന ഉദ്ദേശവും ഇതാവാം എന്നും സൂചനകളുണ്ട്.